Draft #1 of File 108028/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 17-Aug-2021 03:24 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 2021-22 അദ്ധ്യയന വർഷത്തേക്ക് അധിക സീറ്റുകൾ അനുവദിക്കുന്നത്- അപേക്ഷാ ഫീസടക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4062/AC A 1/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 17.08.2021

---

*പരാമർശം:*-1)സർവ്വകലാശാല ഉത്തരവ് നം.3867/ACA1/2021/എം.ജി.യു തീയതി: 09.08.2021

2)സർവ്വകലാശാല വിജ്ഞാപനം നം.105637/എസി എ 1-3/2021/വി സി സെക്ഷൻ തീയതി 09.08.2021

3)സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി, അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ കൺവീനറുടെ 11.08.2021 തീയതിയായ കുറിപ്പ്

**<u>ഉത്തരവ്</u>**

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ , അഫിലിയേറ്റഡ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്ക്, 2021-22 അക്കാദമിക വർഷം അധിക സീറ്റുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായതിനെത്തുടർന്ന് പരാമർശം(1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിൻ പ്രകാരം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നിന്നും അധിക സീറ്റുകൾക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പരാമർശം(2) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ടി വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കുന്നതും, ഡി.സി.ബി.സി. സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതും, ഫീസ് കുടിശ്ശിഖ ഇല്ലാത്തതുമായ സർക്കാർ കോളേജുകളെ, അപേക്ഷാ ഫീസൊടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ കൺവീനർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത ശിപാർശ , മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985,അദ്ധ്യായം III , സെക്ഷൻ 10(17) പ്രകാരം, വൈസ്ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.കൺവീനർ,സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ
2.ബന്ധപ്പെട്ട കോളേജുകൾ
3.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
5.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
6.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
7.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ
8.എസി എ I/ എസിസി I /എസിസി II/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
9.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 108028/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 17-Aug-2021 03:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം